(സി) 1-8-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3661/12/ പൊ.വി.വ. പ്രകാരമാണ് ഏറ്റവും ഒടുവിൽ നിരക്കുകൾ നിശ്ചയിച്ചത്.

(ഡി&ഇ) സ്കൂൾ ഉച്ചഭക്ഷണ വിതരണത്തിന് ആവശ്യമായ ഫണ്ട് ആറുമാസത്തേക്ക് മുൻകൂറായിട്ടാണ് സ്കൂൾ പ്രഥമ അദ്ധ്യാപകർക്ക് നൽകിവരുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നു. അതിനാൽ സ്കൂൾ പ്രഥമ അധ്യാപകർക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനിക്കുന്നതാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെ അദ്ധ്യാപക തസ്തികകൾ

111 (1188) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ പുതുതായി എത്ര അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വിഷയങ്ങളിലാണ് പ്രസ്തുത തസ്തികകൾ അനുവദിച്ചിട്ടുള്ളത് ; അവയുടെ തരംതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലേക്കുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ പുതിയ അദ്ധ്യാപക തസ്തികകളൊന്നും അനുവദിച്ചിട്ടില്ല.

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ താല്ക്കാലിക അദ്ധ്യാപകർക്ക് ശമ്പളം

112 (1189) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ പുതുതായി അനുവദിച്ച ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ താല്ക്കാലിക അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ ഉത്തരവായിട്ടും പ്രിൻസിപ്പൽ ചാർജ്ജുള്ള സീനിയർമാർക്ക് ട്രഷറിയിൽ നിന്നും ശമ്പളം വാങ്ങുന്നതിന് അധികാരം നൽകി ഉത്തരവാകാത്തതിനാൽ ഗസ്റ്റ് ടീച്ചർമാർക്ക് ശമ്പളം നൽകാൻ കഴിയാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly